*ഭരണഭാഷ -മാതൃഭാഷ*

നം.ജി 4/25031/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി - 25/07/2017

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- അംഗപരിമിതർക്കായുള്ള ദേശീയ നിയമം 1995 വകുപ്പുതല നടപടി - റിപ്പോർട്ട് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. 27/06/2017 - ലെ 528/17/എസ്1/എസ്.സി.പി.ഡബ്ല്യു.ഡി നമ്പരായ സർക്കാർ കത്ത്.

2. 20/06/2014 - ലെ 1617/14/എസ്3/എസ്.സി.പി.ഡബ്ല്യു.ഡി നമ്പരായ സർക്കാർ സർക്കുലർ.

....................

അംഗപരിമിതരുടെ ക്ലേശരഹിത സഞ്ചാര സ്വാതന്ത്ര്യം സംബന്ധിച്ച് സൂചന (2) പ്രകാരമുള്ള സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ചതിൻ പ്രകാരം, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും, പ്രസ്തുത സർക്കുലറിലെ 45, 46 വകുപ്പുകൾ അനുശാസിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കി എന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി കൾ ഉറപ്പാക്കി ആയതിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സർക്കാറിലേയ്ക്ക് റിപ്പോർട്ട് നൽകേണ്ടതുള്ളതിനാൽ സമയ പരിധി കർശനമായി പാലിക്കുന്നതിന് സ്ഥാപന മേധാവി കൾ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ.പി.അനിത ദമയന്തി
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

ഉള്ളടക്കം:

സൂചന (2) സർക്കുലർ

പകർപ്പ്:

1. എല്ലാ സർക്കാർ / എയ്ഡഡ് കോളേജുകൾക്കും
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ
5.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

*എസ്.ഒ 26/07/2017*

0612671 GOVERNMENT OF KERALA

കേരള സർക്കാർ

അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,
സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്
പൂജപ്പുര, തിരുവനന്തപുരം-12. ഫോൺ 0471-2347704.

## സർക്കുലർ

===

നം. 1617 / 14 /എസ്.3/എസ്.സി.പി.ഡബ്ല്യു.ഡി തീയതി, തിരുവനന്തപുരം, 20.06.2014.

===

വിഷയം: അംഗപരിമിതർക്കായുള്ള ദേശീയ നിയമം 1995- അംഗപരിമിതർക്ക് ക്ലേശരഹിത സഞ്ചാര സൗകര്യം - പൊതു സ്ഥലങ്ങൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകളും കലാലയങ്ങളും ആശുപത്രികളും മറ്റും വികലാംഗ സൗഹൃതമാക്കുന്നതും വിദഗ്ദ്ധ സമിതി നടത്തുന്ന അക്സസ് ഓഡിറ്റും സംബന്ധിച്ച് മുന്നറിയിപ്പ് നൽകൽ

അംഗപരിമിതർക്കായുള്ള 1995 ലെ (തുല്യാവസരവും, അവകാശ സംരക്ഷണവും, പൂർണ്ണ പങ്കാളിത്തവും ) ദേശീയ നിയമത്തിന്റെ 44,45,46 വകുപ്പുകൾ അംഗപരിമിതരുടെ ക്ലേശരഹിത സഞ്ചാര സൗകര്യം ഉറപ്പാക്കുന്നതിനുള്ള താഴെ പറയുന്ന നിബന്ധനകൾ ഉൾകൊള്ളുന്നു. അംഗപരിമിതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് - അന്ധത, കാഴ്ചക്കുറവ്, ചലനപരമായ വൈകല്യം, കുഷ്ഠരോഗം ഭേദമായ അവസ്ഥ, ശ്രവണക്ഷയം, ബുദ്ധിമാന്ദ്യം, മനോരോഗം എന്നിവയാണ്.

44. വിവേചന രഹിതമായ ഗതാഗത സൗകര്യം- ഗതാഗതമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അംഗപരിമിതർക്കായി താഴെ പറയുന്ന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

1. റെയിൽ കമ്പാർട്ടുമെന്റുകൾ, ബസ്സുകൾ, ജലയാനങ്ങൾ, വിമാനങ്ങൾ എന്നിവ അംഗപരിമിതർക്ക് ആയാസരഹിതമായി പ്രവേശിക്കുന്നതിന് അനുയോജ്യമാക്കുക,

2. റെയിൽ കമ്പാർട്ടുമെന്റുകൾ, ജലയാനങ്ങൾ, വിമാനങ്ങൾ, വിശ്രമമുറികൾ എന്നിവയിലെ ടോയ്ലറ്റുകൾ വീൽ ചെയർ ഉപയോഗിക്കുന്നവർക്ക് സൗകര്യപൂർവ്വം ഉപയോഗിക്കുന്നതിന് അനുയോജ്യമാക്കുക.

45. നിരത്തുകളിൽ വിവേചനരാഹിത്യം-സമുചിത സർക്കാരുകളും തദ്ദേശാധികാര സ്ഥാപനങ്ങളും താഴെ പറയുന്ന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

1. കാഴ്ച വൈകല്യമുള്ളവർക്കായി പൊതു നിരത്തുകളിൽ ചുവപ്പ് സിഗ്നലുകൾ ഉള്ളടുത്ത് ശ്രവണ സിഗ്നലുകളും കൂടി സ്ഥാപിക്കുക.

2. വീൽ ചെയർ ഉപയോഗിക്കുന്ന അംഗപരിമിതർക്ക് ആയാസ രഹിതമായി പ്രവേശിക്കുന്നതിൽ വണ്ണം നടപ്പാതകളിൽ തടകൾ മുറിക്കുകയും ചരിവുണ്ടാക്കുകയും ചെയ്യുക.

3 അന്ധർ, കാഴ്ച പരിമിതിയുള്ളവർ എന്നിവർക്കായി സീബ്രാ ക്രോസിംഗുകളുടെ ഉപരിതലത്തിൽ കൊത്തുവേല ചെയ്യുക;

4. കാഴ്ച വൈകല്യമുള്ളവർക്കായി റെയിൽവേ പ്ലാറ്റുഫോമുകളുടെ അരികുകളിൽ കൊത്തുവേല ചെയ്യുക;

5. വൈകല്യങ്ങളെ സംബന്ധിച്ച ഉചിതമായ ചിഹ്നങ്ങൾ വിന്യസിക്കുക;

6. മുന്നറിയിപ്പ് അടയാളങ്ങൾ ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

46. നിർമ്മിത പരിസ്ഥിതികളിൽ വിവേചനാഹിത്യം – സമുചിത സർക്കാരുകളും തദ്ദേശ അധികാര സ്ഥാപനങ്ങളും താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.

1. പൊതു കെട്ടിടങ്ങളിൽ രണ്ട് പ്രതലങ്ങളെ യോജിപ്പിക്കുന്ന ചരിവുകൾ (റാമ്പുകൾ) ;

2. വീൽ ചെയർ ഉപയോഗിക്കുന്നവർക്ക് ടോയ്ലറ്റുകൾ അനുയോജ്യമാക്കൽ;

3. ലിഫ്റ്റുകളിലും എലിവേറ്ററുകളിലും ബ്രെയ്ലി ചിഹ്നങ്ങളും ശ്രവ്യസൂചകങ്ങളും ;

4. ആശുപത്രികൾ, മറ്റ് വൈദ്യരക്ഷാ കേന്ദ്രങ്ങൾ, പൊതു സ്ഥലങ്ങൾ, സർക്കാർ ഓഫീസുകൾ, പുനരധിവാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രണ്ട് പ്രതലങ്ങളെ യോജിപ്പിക്കുന്നതിനുള്ള ചരിവുകൾ (റാമ്പുകൾ).

ആയതിനാൽ ദേശീയ വികലാംഗ സംരക്ഷണ നിയമത്തിന്റെ 44,45,46 വകുപ്പുകൾ അനുശാസിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തി മറ്റ് അവകാശങ്ങൾ പോലെ അംഗപരിമിതരുടെ ക്ലേശരഹിത സഞ്ചാര സൗകര്യം സംരക്ഷിക്കേണ്ടതുണ്ട്. അംഗപരിമിതരുടെ ക്ലേശരഹിത സഞ്ചാര സൗകര്യം പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് നിരവധി തവണ പത്ര മാധ്യമങ്ങളിലൂടെയും സർക്കുലർ മുഖേനയും അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷൻ അറിയിപ്പുകൾ നൽകിയിട്ടുള്ളതാണെങ്കിലും ഇക്കാര്യത്തിൽ ക്രിയാത്മകമായ നടപടികളൊന്നും പല വകുപ്പു മേലദ്ധ്യക്ഷൻമാരിൽ നിന്നും ഇപ്പോഴും ഉണ്ടായിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് സംസ്ഥാന വികലാംഗ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഉന്നത ഉദ്യോഗസ്ഥരും സാങ്കേതികവിദഗ്ദരും ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സംഘം അക്സസ് ഓഡിറ്റ് (Access Audit) നടത്തുന്നതും വീഴ്ച വരുത്തുന്ന സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ കർശനമായ നിയമ നടപടികൾ കൈകൊള്ളാവുന്നതാണ്.

ഈ അറിയിപ്പിന്റെ വെളിച്ചത്തിൽ താങ്കളുടെ വകുപ്പു കൈക്കൊണ്ട നടപടികൾ മൂന്നു മാസത്തിനകം ഈ കമ്മീഷണറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/–
പ്രൊഫ. ഡോ. എൻ. അഹമ്മദ് പിള്ള
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ

എല്ലാ ഗവ . സെക്രട്ടറിമാർക്കും
സെക്രട്ടറി, നിയമസഭ
എല്ലാ വകുപ്പു തലവന്മാർക്കും
റയിൽവേ ഡിവിഷണൽ മാനേജർ, സതേൺ റയിൽവേ, തിരുവനന്തപുരം
എല്ലാ സർവ്വകലാശാല വൈസ് ചാൻസിലർമാർക്കും,
എല്ലാ പൊതുമേഖല സ്ഥാപന മേധാവികൾക്കും
ചെയർമാൻ , പി.എസ്.സി പട്ടം , തിരുവനന്തപുരം.
അഡ്വ . ജനറൽ, എറണാകുളം,
എല്ലാ സർക്കാർ ഓഫീസുകൾക്കും ,വിദ്യാലയങ്ങൾക്കും, കലാലയങ്ങൾക്കും,
വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്ര മാധ്യമങ്ങൾ ഇലക്ട്രോണിക് മീഡിയ എന്നിവ വഴി വേണ്ട പ്രചാരണത്തിന്)
സ്റ്റോക് ഫയൽ, ആഫീസ് കോപ്പി.